**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5462** **15-03-2023 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ ഓട്ടോ ടാക്സി ആപ്ലിക്കേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാരിന്റെ ഓൺലൈൻ ഓട്ടോ ടാക്സി ആപ്ലിക്കേഷനായ സവാരി ഇപ്പോൾ പ്രവർത്തന ക്ഷമമാണോ; ഏത് ഏജൻസിയാണ് പ്രസ്തുത പദ്ധതി നടത്തിവരുന്നത്; ഇതുവഴി ടാക്സികൾ ബുക്ക് ചെയ്യാൻ കഴിയുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ആഭിമുഖ്യത്തിൽ നടത്തി വരുന്ന "കേരള സവാരി" പ്രവർത്തനക്ഷമമാണ്. ഇന്ത്യൻ ടെലഫോൺ ഇൻഡസ്ട്രീസ് പാലക്കാടാണ് ടെക്നിക്കൽ പാർട്ണർ. പദ്ധതി തിരുവനന്തപുരം നഗരപരിധിയിൽ മാത്രമാണ് പൈലറ്റ് അടിസ്ഥാനത്തിൽ ആരംഭിച്ചിട്ടുള്ളത്. ടാക്സികൾ ബുക്ക് ചെയ്യുവാൻ കഴിയുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.** |
| (ബി) | ഓരോ ജില്ലയിലും എത്ര ടാക്സികളാണ് ഇതിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്; പദ്ധതി ആരംഭിച്ച ശേഷം എത്ര യാത്രക്കാർ ഇത് പ്രയോജനപ്പെടുത്തിയിട്ടുണ്ട്; വ്യക്തമാക്കുമോ; | (ബി) | **കേരള സവാരിയിൽ ആകെ 1552 ഓട്ടോകളും 340 ടാക്സികളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. പദ്ധതി ആരംഭിച്ചതിനു ശേഷം ആകെ 1023 യാത്രക്കാർ ഇത് ഉപയോഗിച്ച് 2234 റൈഡുകൾ പൂർത്തീകരിച്ചിട്ടുണ്ട്.** |
| (സി) | ഈ ആപ്ലിക്കേഷനുവേണ്ടി എത്ര തുക ഇതുവരെ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) | **കേരള സവാരിയ്ക്ക് വേണ്ടിയുള്ള ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുള്ളത് ഐ.ടി.ഐ. പാലക്കാട് ആണ്. പ്രസ്തുത ആപ്ലിക്കേഷനുവേണ്ടി സർക്കാരിൽ നിന്നോ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നോ യാതൊരു ചെലവും ഉണ്ടായിട്ടില്ല.** |
| (ഡി) | ഈ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ? | (ഡി) | **പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.** |

സെക്ഷൻ ഓഫീസർ